മഞ്ചേശ്വരം എന്നീ തെരഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ 48.95 കോടി രൂപയുടെയും 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീകര, മൂത്താക്കര, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനശ്ശേരി, ഇടവനക്കാട്, ആനാപ്പുഴ, ബ്ലാങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ, ഷിറിയ എന്നീ 20 മത്സ്യ ഗ്രാമങ്ങളിൽ 39.52 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പാട്, തെക്കുംഭാഗം/തേവലക്കര, വാടാനപ്പള്ളി, വൈക്കം, കൊയിപ്പാടി, എടക്കാട്, കസബ, മടപ്പള്ളി, ചിലക്കൂർ, കൂട്ടായി, മാമ്പള്ളി, പള്ളിത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ 23.88 കോടി രൂപയുടെയും ഭരണാനുമതി ലഭിക്കുകയും പദ്ധതി നടപ്പിലാക്കി വരികയുംചെയ്യുന്നു.

51.39 കോടി രൂപയുടെ കുടിവെള്ള വിതരണം, 23.03 കോടി രൂപയുടെ വൈദ്യുതീകരണം, 7.78 കോടി രൂപയുടെ ഹൈമാസ്റ്റ് ലൈറ്റുകൾ, 11.58 കോടി രൂപയുടെ സാനിട്ടേഷൻ, 8.99 കോടിരൂപയുടെ ലൈബ്രറി സഹായം, 8.90 കോടിരൂപയുടെ ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങളാണ് 57 മത്സ്യഗ്രാമങ്ങളായി നടപ്പിലാക്കുന്നത്.

പി.എസ്.സി.-യുടെ പരീക്ഷാ പരിഷ്കാരങ്ങൾ

13 (*313) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിലെ പരീക്ഷാ രീതികളിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് ഇതുവഴി പരിഹരിക്കപ്പെടുന്നത്; വിശദമാക്കുമോ ;

(ഡി) പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി OMR പരീക്ഷക്ക് പുറമെ online പരീക്ഷകൂടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല 1-1-2012 മുതൽ ആരംഭിച്ച ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം 1-7-2014 മുതൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന പരീക്ഷയിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഒറ്റത്തവണ വെരിഫിക്കേഷനാണ് നടത്തുന്നത്.

(സി) ഓൺലൈൻ പരീക്ഷാ രീതി നടപ്പിലാക്കുന്നതുവഴി റാങ്ക് പട്ടിക/ചുരുക്കപ്പട്ടിക എന്നിവ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും. യോഗ്യതകൾ ഒരു തവണ വെരിഫൈ ചെയ്താൽ അതേ യോഗ്യതക്കനുസരിച്ച് സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷന് ഹാജരാകേണ്ടതില്ല.

(ഡി) ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ പി.എസ്.സി.-ക്ക് സ്വന്തമായി ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചു.

കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനം

14 (*314) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടുകൾ യഥാസമയം ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ തുക ലാപ്സായതായി കണക്കാക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly